# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം.167     03/10/16-ൽ മറുപടിക്ക്

## "സ്ക്കൂബാ ഡൈവിംഗ്" ടീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.ഉമ്മർ: | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൻ കീഴിൽ "സ്ക്കൂബാ ഡൈവിംഗ്" ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; | എ) നിലവിലുണ്ട്. അവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. |
| ബി) എത്ര പേരാണ് ടീമിൽ നിലവിൽ ഉള്ളത്; ഇവരെ വിന്യസിച്ചിട്ടുള്ളത് ഏതു രീതിയിലാണെന്ന് വ്യക്തമാക്കുമോ; | ബി) വിവിധ ഡിവിഷനുകളിലായി സ്കൂബാ ഡൈവിംഗ് ടീമിനെ താഴെപ്പറയും പ്രകാരം വിന്യസിച്ചിരിക്കുന്നു:- (പട്ടിക താഴെ) |

| ക്രമ നം | ഡിവിഷൻ | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 31 |
| 2 | കോട്ടയം | 6 |
| 3 | എറണാകുളം | 37 |
| 4 | പാലക്കാട് | 83 |
| 5 | കോഴിക്കോട് | 19 |
| | ആകെ | 176 |

| | |
|---|---|
| സി) അപകടകരമായ പ്രവൃത്തിയെടുക്കേണ്ട ഡൈവേഴ്സിന് ഏതൊക്കെത്തരത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും, സംവിധാനങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത്; | സി) സ്കൂബാ സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ജോലിയിലെ അപകടം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ; | ഡി) ജോലിയിലെ അപകടസാദ്ധ്യത കണക്കിലെടുത്ത് പ്രതിമാസ ശമ്പളത്തോടൊപ്പം ജീവനക്കാർക്ക് നഷ്ടസഹനബത്ത (റിസ്ക് അലവൻസ്) നൽകിവരുന്നുണ്ട്. |
| ഇ) തിരുവനന്തപുരം ജില്ലയിൽ പാറമടയിൽ കാറ് വീണുണ്ടായ അപകടത്തിൽപ്പെട്ടവരുടെ മൃതദേഹങ്ങൾ 200 അടിയിലേറെ താഴ്ചയിൽ നിന്നും കണ്ടെടുത്തവർക്ക് പ്രത്യേക പ്രോത്സാഹനം നൽകിയിട്ടുണ്ടോ? | ഇ) നൽകിയിട്ടുണ്ട്. പ്രശംസാപത്രം (കമൻഡേഷൻ സർട്ടിഫിക്കറ്റ്), സത്സേവന പത്രം എന്നിവ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ